(346)
4 JDCAC8 Sr. A.O

കേരള സർക്കാർ
സംഗ്രഹം

25820

പൊതുവിദ്യാഭ്യാസം – ഹയർസെക്കന്ററി വിദ്യാഭ്യാസം – അദ്ധ്യാപകർക്ക് അനുവദിക്കാവുന്ന ഡ്യൂട്ടി ലീവിന്റെ ഉയർന്ന പരിധി നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

# പൊതുവിദ്യാഭ്യാസ (റ്റി) വകുപ്പ്

സ.ഉ (സാധാ) നം.**1845**/2015/പൊ.വി തീയതി,തിരുവനന്തപുരം 15.05.2015

---

പരാമർശം:ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറുടെ 17.03.2014 തീയതിയിലെ എസിഡി.സി1/7609/2014 നമ്പർ കത്ത്

## ഉത്തരവ്

പരിശീലന ക്ലാസ്സുകൾ, സംഘടനാ പ്രവർത്തനം, കലാ-കായിക മേളകൾ, എസ്.സി.ആർ.ടി വർക്ക്ഷോപ്പുകൾ എന്നിങ്ങനെയുള്ള കാരണങ്ങൾ കൊണ്ട് പല അദ്ധ്യാപകരും ഡ്യൂട്ടി ലീവ് എടുക്കുകയും സ്കൂളിൽ ഹാജരാകാതിരിക്കുകയും ആയത് അദ്ധ്യാപനത്തെ സാരമായി ബാധിക്കുന്നുവെന്നുമുള്ള പരാതികൾ ലഭിക്കുന്നുവെന്നും ആയതിനാൽ ഒരു അദ്ധ്യാപകന് അനുവദിക്കാവുന്ന ഡ്യൂട്ടി ലീവ് ഒരു വർഷം പരമാവധി 20 ആയി ക്ലിപ്തപ്പെടുത്തണമെന്നും ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ മേൽ പരാമർശ കത്ത് പ്രകാരം സർക്കാരിനോട് ശിപാർശ ചെയ്തിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. അദ്ധ്യയനത്തെയും സ്കൂളിന്റെ ദൈനംദിന പ്രവർത്തനങ്ങളെയും യാതൊരുവിധത്തിലും പ്രതികൂലമായി ബാധിക്കാതെ, ഒരു അദ്ധ്യയന വർഷം ഒരു അദ്ധ്യാപകന് അനുവദിക്കാവുന്ന ഡ്യൂട്ടി ലീവിന്റെ ഉയർന്ന പരിധി 20 ആയി നിജപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**പത്മകുമാർ.പി**
**അണ്ടർ സെക്രട്ടറി**

ഡയറക്ടർ, ഹയർസെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഹയർസെക്കന്ററി വിദ്യാഭ്യാസം, തിരുവനന്തപുരം/കോട്ടയം/എറണാകുളം/മലപ്പുറം/കോഴിക്കോട്/കണ്ണൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

Endt. No. Acd C4/25820/HSE/15 Dated: 22/06/15
For information and necessary action.

DIRECTORATE OF HIGHER SECONDARY EDUCATION Thiruvananthapuram

22/6/15
Joint Director
(Academic)

To,
1. The Regional Deputy Director Tvpm/Ktym/Eklm/Mlpm/Kkd/Knr
2. All higher Secondary School principals